**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249** **07-10-2024 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാല വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം(കിൻഫ്ര കഴക്കൂട്ടം), കൊല്ലം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, മലപ്പുറം(മഞ്ചേരി), വയനാട്, കണ്ണൂർ എന്നീ 8 ജില്ലകളിൽ മരുന്ന് സംഭരണശാലകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | വിവിധ ജില്ലകളിൽ സ്വന്തമായി സംഭരണശാലകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാമ്പസുകളിൽ കെ.എം.എസ്.സി.എൽ ന് സ്വന്തമായി 1.5 ഏക്കർ സ്ഥലത്ത് അത്യാധുനിക സംവിധാനങ്ങളുള്ള സ്റ്റേറ്റ് ഓഫ് ആർട്ട് സയന്റിഫിക് വെയർഹൗസ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ പുതുതായി ശാസ്ത്രീയമരുന്ന് സംഭരണശാലകൾ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിരുന്നു. സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ശാസ്ത്രീയ മരുന്ന് സംഭരണശാലകൾ നിർമ്മിക്കുന്നതിനുള്ള പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ RFP ക്ഷണിച്ച് തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ നിർമാണത്തിന് സ്ഥലം ലഭ്യമായതിനാൽ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ശേഷിക്കുന്ന സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലവും നിർമ്മാണത്തിനാവശ്യമായ ഫണ്ടും അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് അത്യാധുനിക സംവിധാനങ്ങളുള്ള സ്റ്റേറ്റ് ഓഫ് ആർട്ട് സയന്റിഫിക് വെയർഹൗസായി വിപുലീകരിക്കുന്നതാണ്. |
| (സി) | കോഴിക്കോട് ജില്ലയിൽ മരുന്ന് സംഭരണശാല നിർമ്മിക്കുന്നതിന് സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ ശാസ്ത്രീയ മരുന്ന് സംഭരണശാല സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം നടത്തുവാൻ പര്യാപ്തമായ സ്ഥലസൗകര്യം അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ